# പോസ്റ്റ് കാർഡ്



അവനു വളരെ വർഷങ്ങൾക്കു മുമ്പ് പോസ്റ്റ് കാർഡ് കിട്ടിയിട്ടുണ്ട്. മൊബൈലും ഫെയ്സ്ബുക്കും ഒക്കെ വരുന്നതിനു മുമ്പ്, പഴയ സുഹൃത്തുക്കളുടെ. പക്ഷെ ഇത് കോടതിയിൽ നിന്നാണ്. കോടതിയും കുശലാന്വേഷണം നടത്തുമോ ?

വായിച്ചുനോക്കിയപ്പോൾ ഒരു ക്ഷണക്കത്താണ്. ഒരു ദിവസം കോടതിലേക്ക് നേരിട്ട് ചെല്ലാൻ; അല്ലെങ്കിൽ വക്കീല് മുഖാന്തിരം പോയാലും മതി.

കഴിഞ്ഞ വർഷം ബന്ധുവിന്റെ കല്യാണദിവസം ഒരു സ്മാള് കഴിച്ചിരുന്നു. പിറ്റേ ദിവസം രാവിലെ ജോലിക്ക് ബൈക്കിനു പോയപ്പോൾ പോലിസ് കൈ കാണിച്ചു. തലേന്ന് കഴിച്ച സ്മാളിന്റെ മണം പിടിച്ച പോലീസുകാരന് അവനെയും ജീപ്പില് കയറ്റി നേരെ സർക്കാര് ആശുപത്രിയില് എത്തി. അവിടെ തിരക്കിലായിരുന ഡോക്ടർ ചോദിച്ചപ്പോള് ഇന്നലെ മദ്യപിച്ചിരുന്നു എന്ന് പറഞ്ഞു. ഉടനെ ഡോക്ടർ പോലീസിനെയും കൂട്ടി തിരികെ വിട്ടു. പിന്നെ രണ്ടു കൂട്ടുകാരെയും സ്റ്റേഷനില് വിളിച്ചുവരുത്തി അവരുടെ ജാമ്യത്തില് വിട്ടയച്ചു. അതിനു ഇങ്ങനെ ഒരു ക്ഷണക്കത്ത് കോടതിയിൽ നിന്ന് കിട്ടുമെന്ന് കരുതിയല്ല.

## കുറ്റം ചെയ്താലും ഇല്ലെങ്കിലും പിഴ

മദ്യപിച്ചതിന് തെളിവായി യാതൊരു പരിശോധനയും നടത്തിയല്ല, തലേ ദിവസം കഴിച്ചതിനു പിറ്റേ ദിവസം എന്തിനു പിടിക്കണം? വക്കീലിനെ കണ്ടു. കുറ്റം സമ്മതിച്ചാൽ 2500 രൂപ പിഴ പിന്നെ 500 രൂപയെങ്കിലും പോകുന്ന വക്കീലിനും കൊടുക്കണം. അല്ലെങ്കിൽ നേരിട്ട് കോടതിയില് കേറി നിൽക്കണം. കുറ്റം സമ്മതിക്കേണ്ട, കേസ് നടത്താൻ അവന് തീരുമാനിച്ചു. പക്ഷെ അപ്പോൾ കരം അടച്ച രസീതു ഉള്ള രണ്ടു ആള് ജാമ്യം വേണമത്രേ. പിന്നെ കേസ് ഒന്ന് രണ്ടു കൊല്ലം കൊണ്ടേ തീരുകയുമുള്ളൂ. അല്ലെങ്കിൽ ഹൈകോടതിയിൽ കൊടുത്തു നോക്കണം. ഇതൊക്കെ കേട്ടപ്പോള്, കുറ്റം ചെയ്തിട്ടില്ല എന്ന് തെളിയിക്കുന്നതിനെക്കാൾ സൗകര്യം ചെയ്യാത്ത കുറ്റം ചെയ്തു എന്ന് സമ്മതിക്കുന്നതാണ് എന്ന് അവൻ കരുതി.

പിന്നെ  അവന്റെ ശബ്ദപരിധിക്കുള്ളില് കേട്ടതും ഇപ്പോഴും മറക്കാത്തതുമായ ശബ്ദം ഇതായിരുന്നു- മദ്യപിച്ചു അലക്ഷ്യമായി പൊതു നിരത്തിലൂടെ ആപകടകരമായും ഉദാസീനമായും വാഹനമോടിച്ചു ഐ പി സി 279, മോട്ടോർ വാഹനവകുപ്പ് 185 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റം ചെയ്തിരിക്കുന്നു... മജിസ്ട്രേട്ട് മുഖമുയർത്തി ചോദിച്ചു- വായിച്ചു കേട്ട കുറ്റം ചെയ്തിട്ടുണ്ടോ ? അല്പം നേരം മിണ്ടാതിരുന്ന അവനെ മജിസ്ട്രേട്ടും കോടതിയിലുണ്ടായിരുന്ന വക്കീലന്മാരും തുറിച്ചു നോക്കി..ഇവൻ എവിടത്തുകാരനാടാ എന്നാ രീതിയില്. ഉടനെ തലയാട്ടിക്കൊണ്ട് അവന് പറഞ്ഞു...... ഉവ്വ് കുറ്റം ചെയ്തിട്ടുണ്ട്.

ഷെറി മരട് www.sherryscolumn.com sherryjthomas@gmail.com